LIBRARY ARCHIVES Kerala Legislative Assembly

സൗജന്യമായി കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി

307 (1681) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അഞ്ചു വയസിൽ താഴെയുള്ള കുഞ്ഞുങ്ങൾക്ക് 'കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി' സഹായം ലഭിക്കുന്നതിന് കുടുംബത്തിന്റെ വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അത് എത്രയാണെന്ന് അറിയിക്കാമോ ;

(സി) താഴ്ന്ന വരുമാനക്കാരായ സർക്കാർ ജീവനക്കാർ അടക്കമുള്ളവരുടെ കുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടത്താൻ സാധിക്കുമോ ;

(ഡി) വരുമാനപരിധിയില്ലാതെ രോഗബാധിതരായ മുഴുവൻ കുട്ടികൾക്കും കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി സൗജന്യമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുടുംബത്തിന്റെ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപ വരെയുള്ള കുടുംബങ്ങളിലെ കുട്ടികൾക്കാണ് ശ്രുതിതരംഗം പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നത്.

(സി) രണ്ട് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് ശ്രുതിതരംഗം പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. കൂടാതെ ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ 25-4-2013-ലെ സ.ഉ. (പി) നമ്പർ 148/2013/ ആ.കു.വ. പ്രകാരം സർക്കാർ ഉദ്യോഗസ്ഥർക്ക് 5.5 ലക്ഷം രൂപ മെഡിക്കൽ റീ -ഇംപേഴ്സ്മെന്റ് അനുവദിക്കുന്നുണ്ട്.

(ഡി) ഒരു കോക്ലിയർ ഇംപ്ലാന്റിന്റെ വില 4.45 ലക്ഷം രൂപയാണ്. വരുമാന പരിധിയില്ലാതെ രോഗബാധിതരായ മുഴുവൻ കുട്ടികളെയും ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെടുത്തുന്നകാര്യം പരിഗണനയിലില്ല.

മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗൻവാടി

308 (1682) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗൻവാടി സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;